# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4178 – 13/12/2018 -ലെ മറുപടിക്ക്

## റബ്ബർ വില സ്ഥിരതാ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ.ഷാഫി പറമ്പിൽ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | റബ്ബർ വിലയിടിവ് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന കാര്യം ഗൗരവമായി കണ്ടുന്നുണ്ടോ; | ഗൗരവമായി കാണുന്നുണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതി നായാണ് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം കർഷകർക്ക് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പു വരുത്താനാകും. കൂടാതെ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർ ദേശിക്കുന്നതിനുമായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹഅധ്യക്ഷനായും രൂപീകരിച്ചിട്ടുള്ള 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ' സമിതി തയ്യാറാക്കിയ റിപ്പോർട്ട് 27/06/2018 ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി | റബ്ബർ വില സ്ഥിരതാ പദ്ധതി' പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നാലാം ഘട്ടം നിലവിൽ നടപ്പിലാക്കിവരികയാണ്. |

| | | |
|---|---|---|
| | കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകമാകുമെന്ന് കരുതുന്നുണ്ടോ; | പ്രസ്തുത പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 298.91 കോടി രൂപ സബ്സിഡി യിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 01.12.2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച മുഴുവൻ ബില്ലുകളുടെയും (2018 ഒക്ടോബർ മാസം വരെയുള്ള ബില്ലുകൾ) സബ്സിഡി തുക കർഷകർക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി തുടരുന്നത് റബ്ബർ വിലയിടിവ് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിയ്ക്കുന്നതിന് സഹായകകരമാകുമെന്ന് കരുതുന്നു. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ വർഷവും എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ഇതുവരെ ആകെ 824.61 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 300.64 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 225.06 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 298.91 കോടി രൂപയുമാണ് സബ്സിഡി യിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ